# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.125/PR/PIC/PHQ/17 Date : 30.06.2017

## പുതിയ സംസ്ഥാന പോലീസ് മേധാവിയായി ലോക്നാഥ് ബെഹ്റ ചുമതലയേറ്റു

പുതിയ സംസ്ഥാന പോലീസ് മേധാവിയായി ലോക്നാഥ് ബെഹ്റ ചുമതലയേറ്റു. പോലീസ് ആസ്ഥാനത്ത് വൈകിട്ട് 04.30 ന് ഗാർഡ് ഓഫ് ഓണർ സ്വീകരിച്ച ശേഷം ചുമതലയൊഴിയുന്ന സംസ്ഥാന പോലീസ് മേധാവി ഡോ. ടി.പി. സെൻകുമാറിൽ നിന്നും അദ്ദേഹം ചുമതല ഏറ്റുവാങ്ങി.

സർക്കാരിന്റെ നയങ്ങൾക്കും നിർദ്ദേശങ്ങൾക്കനുസരിച്ച് പോലീസ് സേനയെ കൂടുതൽ മികവുറ്റതാക്കുന്നതിന് നേരത്തെ തുടങ്ങിവച്ച കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുമെന്ന് ചുലതലയേറ്റു നടത്തിയ വാർത്താ സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. അഴിമതി കണ്ടാൽ ശക്തമായ നടപടികളുണ്ടാകും. നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകും. ഓൺലൈനായി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിന് ക്രിമിനൽ നടപടിക്രമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള ശുപാർശ സർക്കാരിനു നല്കും.

നടിയെ അക്രമിച്ച കേസിൽ ശക്തമായ ടീമാണ് അന്വേഷണം നടത്തുന്നതെന്നും നിഷ്പക്ഷവും നീതിപൂർവ്വകവുമായ അന്വേഷണം ഇക്കാര്യത്തിൽ ഉറപ്പുവരുത്തുമെന്നും ഇതു സംബന്ധിച്ച ചോദ്യങ്ങൾക്കുത്തരമായി അദ്ദേഹം പറഞ്ഞു.

ഡിജി.പി.മാരായ എ.ഹേമചന്ദ്രൻ, എൻ. ശങ്കർറെഡ്ഡി, രാജേഷ് ദിവാൻ, മുഹമ്മദ് യാസിൻ, എ.ഡി.ജി.പി.മാരായ ആർ. ശ്രീലേഖ, ടോമിൻ.ജെ.തച്ചങ്കരി, സുധേഷ്കുമാർ, ഡോ.ബി. സന്ധ്യ, അനിൽകാന്ത്, നിതിൻ അഗർവാൾ, എസ്. ആനന്ദകൃഷ്ണൻ, ഷെയ്ക് ദർവേഷ് സാഹിബ്, ടി.കെ. വിനോദ് കുമാർ, ഐജിമാരായ മനോജ് എബ്രഹാം, എം.ആർ. അജിത്കുമാർ, ബൽറാം കുമാർ ഉപാദ്ധ്യായ,ജി. ലക്ഷമൺ മഹിപാൽ യാദവ്, ദിനേന്ദ്ര കശ്യപ്, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ സ്പർജൻ കുമാർ മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

## വിടവാങ്ങൽ പരേഡ് നല്കി

രാവിലെ, സർവ്വീസിൽ നിന്നും വിരമിക്കുന്ന സംസ്ഥാന പോലീസ് മേധാവി ഡോ.ടി.പി.സെൻകുമാറിന് സംസ്ഥാന പോലീസ് ഔപചാരികമായ വിടവാങ്ങൽ പരേഡ് നൽകി. പേരൂർക്കട സ്പെഷ്യൽ ആംഡ് പോലീസ് പരേഡ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ

ഡോ.ടി.പി.സെൻകുമാർ  സല്യൂട്ട് സ്വീകരിച്ച് സേനാംഗങ്ങളെ അഭിസംബോധന ചെയ്തു.

അശ്വാരൂഢ സേനയടക്കം പോലീസിന്റെ 11 പ്ലറ്റൂണുകളാണ് പരേഡിൽ പങ്കെടുത്തത്. പോലീസിന്റെ സായുധ ബറ്റാലിയനുകൾക്ക് പുറമേ മലബാർ സ്പെഷ്യൽ പോലീസ്, വനിതാ ബറ്റാലിയൻ, ഇന്ത്യൻ റിസർവ് ബറ്റാലിയൻ വിഭാഗങ്ങളും പരേഡിൽ അണിനിരന്നു. പരേഡ് പരിശോധിച്ച സംസ്ഥാന പോലീസ് മേധാവി സേനാവിഭാഗങ്ങളുടെ അഭിവാദ്യം സ്വീകരിച്ചു. ഡി.ജി.പി.മാരായ ഋഷിരാജ് സിങ്, എ.ഹേമചന്ദ്രൻ, എൻ. ശങ്കർറെഡ്ഡി, രാജേഷ് ദിവാൻ, മുഹമ്മദ് യാസിൻ, എ.ഡി.ജി.പി.മാരായ ആർ. ശ്രീലേഖ, ടോമിൻ.ജെ.തച്ചങ്കരി, സുധേഷ്കുമാർ, ഡോ.ബി. സന്ധ്യ, അനിൽകാന്ത്, നിതിൻ അഗർവാൾ, ടി.കെ. വിനോദ് കുമാർ, ഐജിമാരായ മനോജ് എബ്രഹാം, എം.ആർ. അജിത്കുമാർ, ബൽറാം കുമാർ ഉപാദ്ധ്യായ, മഹിപാൽ യാദവ്, ദിനേന്ദ്ര്യ കശ്യപ്, പി. വിജയൻ, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ സ്പർജൻ കുമാർ മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥരും ഡോ.ടി.പി.  സെൻകുമാറിന്റെ പത്നി ബിന്ദു, മകൾ ലക്ഷ്മി എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

**********